## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5514** **05-07-2024 - ൽ മറുപടിയ്ക്ക്**

## സ്കൂൾ ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2022-23, 2023-24 എന്നീ വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയ ചുണ്ട ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നിർമ്മാണം, വയക്കര ജി.എച്ച്.എസ്.എസ്. ലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം എന്നീ രണ്ട് പ്രവൃത്തികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | 04.01.2023 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 10/2023/കാ.യു.വ പ്രകാരം കണ്ണൂർ ജില്ലയിലെ ചുണ്ട ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് നിർമ്മാണത്തിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 25.02.2023-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 2.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. 14.03.2023-ൽ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. മുഹമ്മദ് കുഞ്ഞി, കാസർഗോഡ് എന്ന കരാറുകാരനുമായി 26.06.2023-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രൗണ്ടിന്റെ അതിർത്തി പങ്കിടുന്ന സ്വകാര്യ വ്യക്തികളുമായി തർക്കം നിലനിന്നിരുന്നതിനാൽ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചിരുന്നില്ല. മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിച്ച് 10.10.2023-ൽ കരാറുകാരന് സൈറ്റ് കൈമാറുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികൾ, ഇൻഡോർ കോർട്ട്, സ്റ്റെപ്പ് ഗ്യാലറി, ടോയ്‌ലെറ്റ് ബ്ലോക്ക്, ലോംഗ് ജംപ് പിറ്റ്, റീട്ടെയിനിംഗ് വാൾ, ഫെൻസിംഗ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 30% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>14.12.2023 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 356/2023/കാ.യു.വ പ്രകാരം കണ്ണൂർ ജില്ലയിലെ വയക്കര ജി.എച്ച്.എസ്.എസ്.-ലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 14.02.2024ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 2.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 16.02.2024, 09.03.2024 എന്നീ |

| | | | |
|---|---|---|---|
| | | | തീയതികളിലായി ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. ആദ്യ രണ്ട് ദർഘാസിലും കരാറുകാർ ആരും തന്നെ പങ്കെടുക്കാതിരുന്നതിനാൽ 29.04.2024-ൽ പുനർ ദർഘാസ് ക്ഷണിക്കുകയും ഇതിൻ പ്രകാരം ഒരു ദർഘാസ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി ദർഘാസ് പരിശോധിച്ച് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | 04.01.2023 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 10/2023/കാ.യു.വ പ്രകാരം കണ്ണൂർ ജില്ലയിലെ ചുണ്ട ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് നിർമ്മാണത്തിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 25.02.2023-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 2.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. 14.03.2023-ൽ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. മുഹമ്മദ് കുഞ്ഞി, കാസർഗോഡ് എന്ന കരാറുകാരനുമായി 26.06.2023-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രൗണ്ടിന്റെ അതിർത്തി പങ്കിടുന്ന സ്വകാര്യ വ്യക്തികളുമായി തർക്കം നിലനിന്നിരുന്നതിനാൽ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചിരുന്നില്ല. മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിച്ച് 10.10.2023-ൽ കരാറുകാരന് സൈറ്റ് കൈമാറുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികൾ, ഇൻഡോർ കോർട്ട്, സ്റ്റെപ്പ് ഗ്യാലറി, ടോയ്ലറ്റ് ബ്ലോക്ക്, ലോംഗ് ജംപ് പിറ്റ്, റീട്ടെയിനിംഗ് വാൾ, ഫെൻസിംഗ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 30% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>14.12.2023 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 356/2023/കാ.യു.വ പ്രകാരം കണ്ണൂർ ജില്ലയിലെ വയക്കര ജി.എച്ച്.എസ്.എസ്.-ലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 14.02.2024ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 2.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 16.02.2024, 09.03.2024 എന്നീ തീയതികളിലായി ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. ആദ്യ രണ്ട് ദർഘാസിലും കരാറുകാർ ആരും തന്നെ പങ്കെടുക്കാതിരുന്നതിനാൽ 29.04.2024-ൽ പുനർ ദർഘാസ് ക്ഷണിക്കുകയും ഇതിൻ പ്രകാരം ഒരു ദർഘാസ് ലഭിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ടി ദർഘാസ് പരിശോധിച്ച് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ